(ബി) ഈ കാലയളവിൽ മരുന്നു വിലയിലുണ്ടായ വർദ്ധന എത്ര ശതമാനമാണ് ;

(സി) അതതു സീസണിൽ പടർന്നു പിടിക്കുന്ന രോഗങ്ങൾ ചികിത്സിക്കുവാൻ ആവശ്യമായ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികൾക്കും നൽകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഹോമിയോ മരുന്നിനും ഔഷധിയിൽ നിന്നുള്ള മരുന്നിനും വില വർദ്ധനയുണ്ടായിട്ടില്ല. മിക്കവാറും എല്ലാ അലോപ്പതി മരുന്നുകളുടേയും വിലയിൽ കുറവുണ്ടായി. ചുരുക്കം ചില മരുന്നുകൾക്ക് 10 മുതൽ 15% വരെ വർദ്ധനയുണ്ടായി.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം

140 (865) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെ ഉള്ള സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളോ ഡോക്ടർമാരോ ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ഇല്ലാത്തതിനാൽ രോഗികൾ മരിക്കുവാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സെൻട്രൽ പർചേസ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കപ്പെടാറുണ്ടോ ?

ഉത്തരം

(എ) അവശ്യമരുന്നുകളുടെയൊന്നും കാര്യത്തിൽ പരാതി ലഭിച്ചിട്ടില്ല. ഡോക്ടർമാരുടെ കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശരിയല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാവശ്യമരുന്നുകൾ ലഭ്യമാണ്. കൂടാതെ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ വേണ്ട നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

141 (866) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഡെങ്കിപ്പനി, മന്ത്, ജപ്പാൻ ജ്വരം എന്നീ രോഗങ്ങൾ തടയുന്നതിന് ആറ് മെഡിക്കൽ കോളേജുകളുടെ സഹകരണത്തോടെ ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഡെങ്കിപ്പനി ബാധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധിപേർ മരണമടഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി പടരാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(എഫ്) ഡെങ്കിപ്പനിമൂലം സംസ്ഥാനത്ത് ഇതിനകം എത്രപേർ മരണമടഞ്ഞിട്ടുണ്ട് ; ഡെങ്കിപ്പനിയുടെ വൈറസ് വാഹിയായ കൊതുകുകളെ നശിപ്പിക്കുന്നതിന് എന്തെങ്കിലും അടിയന്തര പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് ജില്ലാതലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാതല ഡിസീസ് സർവിലൻസ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കുകയും രോഗപകർച്ച റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻതന്നെ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. രോഗബാധിതർക്ക് വേണ്ട വിദഗ്ദ്ധ ചികിത്സക്കുള്ള സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ ചെയ്തിട്ടുണ്ട്. രോഗബാധയേയും വ്യാപനത്തെയും പറ്റി ആരോഗ്യ വകുപ്പിന്റെയും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്,

LIBRARY ARCHIVES Kerala Legislative Assembly